# മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

ജീവനക്കാര്യം: NAAC പിയർ ടീമിന്റെ സർവ്വകലാശാല സന്ദർശനം 2017 - ജീവനക്കാർക്ക് സമാശ്വാസ അവധി (Compensatory Off) അനുവദിക്കുന്നതു സംബന്ധിച്ച് - ഉത്തരവു പുറപ്പെടുവിക്കുന്നു.

================================================================

## ഭരണവിഭാഗം എ 1 സെക്ഷൻ

നം. 6135/എ1/4/2017/ഭരണവിഭാഗം    തീയതി പ്രിയദർശിനി ഹിൽസ്, 19.10.2017

================================================================

സൂചന : 1. സർവ്വകലാശാല ഉത്തരവ് നം. 6002/എ1/4/2017/ഭരണവിഭാഗം തീയതി 10.10.2017.

2. വൈസ് ചാൻസലറുടെ 17.10.2017 ലെ വി.സി.702/227/2017 നമ്പരായുള്ള കുറിപ്പ്.

## ഉത്തരവ്

നാഷണൽ അസസ്സ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ കൗൺസിൽ(NAAC) പിയർ ടീമിന്റെ സർവ്വകലാശാല സന്ദർശനം ഒക്ടോബർ 12 മുതൽ 14 വരെ നടന്നതിനാൽ, സർവ്വകലാശാല ആഫീസുകൾക്കും പഠനവിഭാഗങ്ങൾക്കും 14.10.2017 (രണ്ടാം ശനിയാഴ്ച) പ്രവൃത്തി ദിവസമായിരുന്നു. പകരം 21.10.2017 ശനിയാഴ്ച അവധിദിനമായിരിക്കുമെന്ന് സൂചന (1) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരുന്നു.

എന്നാൽ 21.10.2017 ശനിയാഴ്ച സർവ്വകലാശാലയിൽ പ്രവൃത്തി ദിവസമായിരിക്കുമെന്നും, 14.10.2017 രണ്ടാം ശനിയാഴ്ച, ഓഫീസിൽ ഹാജരായ അനധ്യാപക ജീവനക്കാർക്ക് 31.12.2017-നകം ഒരു സമാശ്വാസ അവധി (Compensatory Off) എടുക്കുന്നതിന് അനുവാദം നൽകിക്കൊണ്ട് സൂചന (2) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു. പ്രസ്തുത ദിവസം (14.10.2017) ഹാജരാകാതിരുന്ന ജീവനക്കാർ അന്നേ ദിവസം അവധിയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതില്ല. ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർമാർക്ക് ഹാജർ പുസ്തകങ്ങൾ പരിശോധിച്ച് അവധി (Compensatory Off) അനുവദിക്കാവുന്നതാണ്.

സൂചന (1) പ്രകാരമുള്ള സർവ്വകലാശാല ഉത്തരവ് ഇപ്രകാരം പരിഷ്കരിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ശ്രീലത എൻ
അസിസ്റ്റന്റ് രജിസ്ട്രാർ I (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ് :

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/ സെൻററുകൾ
2. വൈസ് ചാൻസലർ/പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. എ.ആർ/ഡി.ആർ/ജെ.ആർ (ഭരണവിഭാഗം/അക്കാദമികം/പരീക്ഷാവിഭാഗം/ധനകാര്യം)
5. അസിസ്റ്റൻറ് സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
6. എ.ഡി സി I/II/ III/ ഫിനാൻസ് I/II/V/ പൂൾ ഓഫീസർ (ഭരണവിഭാഗം)/ഫിനാൻസ് കമ്പ്യൂട്ടർസെൽ
7. ജെ. ഡി, കേരള സംസ്ഥാന ആഡിറ്റ്, മഹാത്മാഗാന്ധി സർവ്വകലാശാല
8. പി ആർ ഒ (ആവശ്യമായ തുടർനടപടികൾക്കായി)
9. റെക്കോർഡ്സ് സെക്ഷൻ/കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യു.എ.സി
10. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം.: എ.ഡി. എ1/4/408/2017.